(ബി) എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഉത്തരങ്ങൾ എഴുതുന്നതിനാവശ്യമായ ഷീറ്റുകൾ വഴിയരികിൽ കിടന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികൾ സ്വീകരിച്ചു ;

(സി) എസ്.എസ്.എൽ.സി. പരീക്ഷയുടെ നിലവാരതകർച്ചയ്ക്ക് ഇടവരാത്തവണ്ണം ഈ മേഖലയിൽ കൂടുതൽ ശ്രദ്ധ ചെലുത്തുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സംസ്ഥാനത്തെ സ്കൂളുകളിൽ ജനകീയാസൂത്രണത്തിന്റെ ഭാഗമായി വിതരണം ചെയ്ത നിഘണ്ടു

65 (2940) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ജനകീയാസൂത്രണത്തിന്റെ ഭാഗമായി നിഘണ്ടു വിതരണം ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ അവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ ;

(സി) ഏത് നിഘണ്ടുവാണ് നല്കിയത് ;

(ഡി) അതിന് ഓരോന്നിനും എന്തു വിലയായെന്ന് വെളിപ്പെടുത്തുമോ ;

(ഇ) കേരളത്തിലെ എല്ലാ ജില്ലകളിലും ഒരേ നിഘണ്ടു തന്നെയാണോ നല്കിയത് ;

(എഫ്) ഇത് സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ ഏതെങ്കിലും കേസ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) തദ്ദേശസ്വയംഭരണ വകുപ്പിന്റെ മേൽനോട്ടത്തിൽ തദ്ദേശ സ്ഥാപനങ്ങൾ നിഘണ്ടു വിതരണം ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ജില്ല തിരിച്ചുള്ള കണക്കുകൾ ഇപ്പോൾ ലഭ്യമല്ല. അവ ശേഖരിച്ചു നല്കുന്നതാണ്.

(സി-ഇ) ഏതു നിഘണ്ടുവാണ് നല്കേണ്ടതെന്ന കാര്യത്തിൽ പൊതുവായ നിർദ്ദേശങ്ങളൊന്നും തദ്ദേശ സ്ഥാപനങ്ങൾക്കു നല്കിയിട്ടില്ല.

(എഫ്) നിലവിലില്ല.

കാസർഗോഡ് ജില്ലയിൽ എച്ച്. എസ്. എ. നിയമനം

66 (2941) പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ നിലവിലുള്ള പി. എസ്. സി. ലിസ്റ്റിൽ നിന്നുള്ള എച്ച് എസ്. എ. (സോഷ്യൽ സ്റ്റഡീസ്) നിയമനം എത്രവരെയായി എന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇനി നിലവിൽ എത്ര ഒഴിവുണ്ട് ;

(സി) എത്ര വേക്കൻസികൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ഡി) പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിൽ ഇരിക്കെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എംപ്ലോയ്മെന്റ് വഴി നിയമിക്കപ്പെട്ടവരെ ഒഴിവാക്കി പി. എസ്. സി. റാങ്കു ലിസ്റ്റിലുള്ളവരെ അടിയന്തിരമായി നിയമിക്കാൻ വേണ്ട നിർദ്ദേശം നൽകാമോ ?

ഉത്തരം

(എ) 129-ാം റാങ്കു വരെ നിയമനം ആയിട്ടുണ്ട്.

(ബി) 5 ഒഴിവുകളുണ്ട്.

(സി) വേക്കൻസികൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി) ഇല്ല.

(ഇ) ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

എൻ. സി. ഇ. ആർ. ടി. യുടെ സ്കൂൾ പാഠ്യപദ്ധതി സമീപന രേഖ

67 (2942) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിനുവേണ്ടി എൻ. സി. ഇ. ആർ. ടി. യുടെ നേതൃത്വത്തിലുള്ള കരിക്കുലം കമ്മിറ്റി സ്കൂൾ പാഠ്യ പദ്ധതി സമീപനരേഖ തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) സ്കൂൾ പാഠ്യപദ്ധതി സമീപനരേഖയോടൊപ്പം വിശദമായ കരിക്കുലം രൂപരേഖയും പഠനോപാധികളും തയ്യാറാക്കിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അവ തയ്യാറാക്കാനുള്ള നടപടി സ്വീകരിക്കുമോ ;

(ഇ) സ്കൂൾ പാഠ്യപദ്ധതി സമീപനരേഖ അംഗീകരിക്കുന്നതിന് മുമ്പ് വിപുലമായ ജനകീയ ചർച്ച സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രീ-പ്രൈമറിതലം മുതൽ ഹയർ സെക്കണ്ടറിതലം വരെയുള്ള കരിക്കുലം സമഗ്രമായി പരിഷ്ക്കരിക്കുന്നതിനുവേണ്ടിയാണ് സമീപനരേഖ

LIBRARY ARCHIVES Kerala Legislative Assembly